(സി) ഈ നിയന്ത്രണങ്ങളിൽ എന്തെല്ലാം നീക്കം ചെയ്യുകയോ നീക്കം ചെയ്യാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നുണ്ട് ;

(ഡി) ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട് യഥേഷ്ടം ചെലവഴിക്കുവാൻ അനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) നികുതികൾ, ഉപനികുതികൾ, സേവന നികുതികൾ, സർച്ചാർജ്ജുകൾ, പാട്ടത്തുകകൾ, ലേലത്തുകകൾ, ലൈസൻസ് ഫീസുകൾ, പിഴകൾ, വാടകകൾ, സർക്കാർ പിരിച്ചെടുക്കുന്ന നികുതിയുടെ വിഹിതമായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുകകൾ, ഗ്രാന്റുകൾ, പൊതുജനങ്ങളിൽനിന്നും സർക്കാരേതര ഏജൻസികളിൽനിന്നും ലഭിക്കുന്ന സംഭാവനകൾ തുടങ്ങിയവയാണ് മുഖ്യമായും തനത് ഫണ്ടിന്റെ സ്രോതസ്സുകൾ.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിൽ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും പൊതുവായ ചുമതലയും ഇനം തിരിച്ച് പരാമർശിച്ചിട്ടുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അതിൽപ്പെടാത്ത കാര്യങ്ങൾക്ക് തനത് ഫണ്ട് വിനിയോഗിക്കുന്നതിന് ഗവൺമെന്റ് അനുമതി ആവശ്യമാണ്.

(സി & ഡി) പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കേരവികസനത്തിനുള്ള പദ്ധതികൾ

21 [*152] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, വി. ചെന്താമരാക്ഷൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരവികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ :

(സി) നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർഷങ്ങളായി കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ :

(ഇ) കാറ്റുവീഴ്ച്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് നടത്തുന്നതിനും മരുന്നുതളി നടത്തുന്നതിനുമായി ആവിഷ്ക്കരിച്ച പദ്ധതികൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ :

(എഫ്) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയുടെ സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കേര കൃഷി വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. കേര കൃഷിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

ചെറുകിട തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ നാളീകേര ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നു. കാറ്റുവീഴ്ചബാധം ബാധിച്ച തെങ്ങുകൾ 250 രൂപ ധനസഹായം നൽകി വെട്ടിമാറ്റുന്നു. കാറ്റുവീഴ്ച രോഗനിയന്ത്രണത്തിനുള്ള പരിചരണ മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 17500 രൂപ ഒരു ഹെക്ടറിന് ഒരു വർഷം ധനസഹായം നൽകിക്കൊണ്ട് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നു. ഈ വർഷം 1425 ഹെക്ടറിൽ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചു. കൂടാതെ 20,000 രൂപ ഒരു യൂണിറ്റിന് ധനസഹായം നൽകിക്കൊണ്ട് ഈ സാമ്പത്തികവർഷം 195 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

50% കേന്ദ്ര സഹായത്തോടെ സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി.

റീജിയണൽ കോക്കനട്ട് നഴ്സറികളിലൂടെ നല്ലയിനം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 12 ലക്ഷം രൂപ ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

നാളീകേര ടെക്നോളജി മിഷൻ പദ്ധതി പ്രകാരം കാറ്റുവീഴ്ച രോഗ നിയന്ത്രണത്തിനായി അതിർത്തി ജില്ലകളായ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളെ രോഗ വിമുക്ത മേഖലയാക്കുന്നതിനായി 37.697 കോടി രൂപ അടങ്കൽ തുകയായി ഒരു പദ്ധതിക്ക് ടെക്നോളജി മിഷൻ ധനസഹായം ലഭിച്ചു. രോഗബാധിതമായ 6,94,261 തെങ്ങുകൾ വെട്ടിമാറ്റി പകരം 3,47,130 നല്ലയിനം തെങ്ങിൻതൈകൾ നടീലിനായി വിതരണം ചെയ്യുന്നു. 73,524 ഹെക്ടറിൽ സംയോജിത വളപ്രയോഗ രീതികൾ അവലംബിച്ചു. ഈ പദ്ധതിക്കായി 9.420 കോടി രൂപ ടെക്നോളജി മിഷൻ ധനസഹായം ലഭിച്ചു. 8.97 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും 25.73 കോടി രൂപ കൃഷിക്കാരുടെ വിഹിതവുമാണ്.

കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശങ്ങളിൽ കൂമ്പു ചീയൽ നിയന്ത്രണത്തിനായി വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നു. രോഗ ബാധിതമായ 25,000 തെങ്ങുകൾക്ക് ബോർഡോ മിശ്രിതം തളിക്കുക, 25,000 തെങ്ങുകൾക്ക് മാങ്കോ സെബ് കുമിൾനാശിനി പ്രയോഗം, 40 റോക്കർ സ്പ്രേയറുകളുടെ വിതരണം, പരിശീലന പരിപാടികൾ, 6,000 നല്ലയിനം തെങ്ങിൻ തൈകൾ നടീലിനായി വിതരണം നടത്തുക, 925 ഹെക്ടർ സ്ഥലത്ത് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുക എന്നീ ഘടകങ്ങൾ ഇതിലുൾപ്പെടുന്നു. 100 കർഷകർക്ക് സസ്യസംരക്ഷണ പരിപാലന പ്രർത്തനങ്ങളിൽ പരിശീലനം നൽകുന്നു.

മണ്ഡരി കീട നിയന്ത്രണത്തിനായി 2002-03 സാമ്പത്തിക വർഷം 31,07,859 തെങ്ങുകൾക്ക് മരുന്നു തളിച്ചതിനായി 289.87171 ലക്ഷം രൂപ ചെലവഴിച്ചു. 2003-2004 വർഷത്തിൽ 22,63,076 തെങ്ങുകൾക്ക് മരുന്നു തളിച്ചു. 185.88 ലക്ഷം രൂപ ഇതിനു ചെലവഴിച്ചു. 2004-05 വർഷത്തിൽ 100 ലക്ഷം തെങ്ങുകൾക്ക് മരുന്നു തളിക്കാൻ ലക്ഷ്യമിട്ടിരുന്നു. നാളിതുവരെ 97,88,029 തെങ്ങുകൾക്ക് മരുന്നു തളിച്ചു. 1370.1718 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു പുറമെ കാറ്റുവീഴ്ച രോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ല കളിൽ നടപ്പിലാക്കുന്നതിനായി 1924.67 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ആസൂത്രണകമ്മീഷൻ അംഗീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

കേര കർഷകരെ സഹായിക്കുന്നതിനായി സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം 11 കോടി രൂപ അനുവദിച്ചു. 19 സൊസൈറ്റികൾക്ക് കൊപ്ര ഡ്രയർ നിർമ്മിക്കുന്നതി നായി 1.6 കോടി രൂപ നൽകി. ഇതിനു പുറമെ വനിത സ്വയം സഹായ സംഘങ്ങൾ വഴി 150 ഡ്രയറുകൾ സ്ഥാപിച്ചു. കൊപ്രയുടെ താങ്ങുവില ഉയർത്തി. ഇതിനും പുറമെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ വേരു ചീയൽ രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടി മാറ്റി രോഗപ്രതിരോധ ശക്തിയുള്ള നല്ലയിനം തൈകൾ വച്ചു പിടിപ്പിക്കുന്നതിനും മറ്റു പരിചരണങ്ങൾ നൽകുന്നതിനുമായി 1924 കോടി രൂപയുടെ ബൃഹത്തായ പദ്ധതി സംസ്ഥാന സർക്കാർ സമർപ്പിച്ചത് കേന്ദ്രം അംഗീകരിച്ചതായി അറിയുന്നു. നടത്തിപ്പിനായുള്ള തുക റിലീസ് ചെയ്തു കിട്ടിയിട്ടില്ല. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി കർഷകരെ സഹായിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ താഴെപ്പ റയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. ചെറുകിട തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ.
2. കേരാധിഷ്ഠിത കൃഷി രീതികൾ.
3. സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും.
4. റീജിയണൽ കോക്കനട്ട് നഴ്സറികൾ.
5. ടെക്നോളജി മിഷൻ പദ്ധതി.
6. കൂമ്പുചീയൽ നിയന്ത്രണത്തിനുള്ള പദ്ധതികൾ.
7. മണ്ഡരി കീട നിയന്ത്രണം.
8. കൊപ്ര ഡ്രയറുകളുടെ വിതരണം, കൊപ്ര സംഭരണം.

(സി & ഡി) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും 2001-02 മുതൽ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാലും കാറ്റുവീഴ്ച രോഗവും മണ്ഡരി രോഗവും കൂമ്പുചീയൽ രോഗവും ഇപ്പോഴും ഉണ്ട്. അതിനായി ശാശ്വതമായ നടപടികൾ എടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ & എഫ്) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റിംഗ് നടത്തുന്നതിനുള്ള 1924.67 കോടി രൂപയുടെ പദ്ധതി കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. മരുന്ന് തളിക്കുന്നതിന് കേന്ദ്രം 24 കോടി രൂപ തന്നിരുന്നു. എന്നാൽ മുഴുവൻ തുകയും ചില കാരണങ്ങളാൽ കഴിഞ്ഞ വർഷം ചെലവാക്കുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊപ്രയുടെ താങ്ങുവില

22 [*153] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
.. വി. കെ. സി. മമ്മത് കോയ:
.. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ കൊപ്രയുടെ താങ്ങുവില കേന്ദ്രം നിശ്ചയിച്ചിട്ടുണ്ടോ: എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) താങ്ങുവില വർദ്ധിപ്പിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടുണ്ടോ:

(സി) സംസ്ഥാന സർക്കാർ കൊപ്രയ്ക്ക് ക്വിന്റലിന് എത്ര രൂപയായി നിശ്ചയിക്കണമെന്നാണ് ആവശ്യപ്പെട്ടത്;

(ഡി) ഏതെല്ലാം കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് താങ്ങുവില വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടത്;

(ഇ) താങ്ങുവില ഏർപ്പെടുത്തൽ നടപടിയുടെ നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) നിശ്ചയിച്ചിട്ടുണ്ട്. 2006 സീസണിലെ കൊപ്രയുടെ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 3590 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 3840 രൂപയുമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

(ബി) താങ്ങുവില വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ചാണ് കേന്ദ്രം കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിച്ചത്.

(സി) 2006 സീസണിൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4300 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 4550 രൂപയുമായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു.

(ഡി) സംസ്ഥാനത്ത് ചെറുകിട തെങ്ങു കൃഷിയിടങ്ങൾ കൂടുതലായതുകൊണ്ടും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉൽപ്പാദന ചെലവ് കൂടുതലായതുകൊണ്ടും, പരിമിതമായ ജലസേചനം, കാറ്റുവീഴ്ച്ച, മണ്ടരി തുടങ്ങിയ രോഗബാധകൾ മൂലമുള്ള ഉൽപ്പാദന ശോഷണം, ഉയർന്ന കൂലിനിരക്ക് തുടങ്ങിയവ പരിഗണിച്ചുമാണ് കേര കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്.

(ഇ) നാഫെഡിനെയാണ് കൊപ്രാ സംഭരണത്തിനുവേണ്ടി നോഡൽ ഏജൻസിയായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് കേരഫെഡാണ് കൊപ്രാ സംഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.